# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിടാത്ത</u>
<u>ചോദ്യം നം. **5910**</u>

<u>**19.11.2019** ൽ മറുപടിക്ക്</u>

### <u>വനമേഖലയിൽ ഖനനം നടത്തുന്നതിന് ദൂരപരിധി</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ.മോൻസ് ജോസഫ്<br>ശ്രീ.പി.ജെ.ജോസഫ്<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.സി.എഫ്.തോമസ് | ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും<br>യുവജനകാര്യവും വകുപ്പമന്ത്രി) |
| (എ) വനമേഖലയുമായി ബന്ധപ്പെട്ട് ഖനനം നടത്തുന്നതിനുള്ള ദൂരപരിധി സർക്കാർ കുറച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; യും<br><br>(ബി) സംരക്ഷിത മേഖലയിലെ വനം പരിസ്ഥിതി ആഘാതം കണക്കിലെടുക്കാതെയും കേന്ദ്ര വനം നിയമത്തിൽ കാതലായ മാറ്റം വരുത്താതെയും സംസ്ഥാന സർക്കാർ ഖനനം നടത്തുന്നതിന് ദൂരപരിധി കുറച്ചുകൊണ്ട് ഉത്തരവ് ഇറക്കിയിട്ടുണ്ടോ എന്നറിയിക്കാമോ; യും | (എ) (ബി) കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയവും, ബഹു. സുപ്രീം കോടതിയും നിശ്ചയിച്ച മാനദണ്ഡങ്ങൾ, വിവിധ വിദഗ്ധ സമിതികൾ (കേന്ദ്ര സർക്കാരിന്റെ വിദഗ്ധ സമിതി, 2011-ൽ സംസ്ഥാന സർക്കാർ രൂപീകരിച്ച വിദഗ്ധ സമിതി) നടത്തിയ പഠനത്തിലെ വിശദാംശങ്ങൾ, നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് (NCESS) നൽകിയ വിവരങ്ങൾ എന്നിവ അടിസ്ഥാനമാക്കി സംരക്ഷിത പ്രദേശങ്ങളോട് ചേർന്ന് കിടക്കുന്ന മനുഷ്യവാസ കേന്ദ്രങ്ങൾ ഉൾപ്പെടെ സംരക്ഷിത പ്രദേശങ്ങൾക്കു ചുറ്റുമുള്ള പൂജ്യം മുതൽ ഒരു കിലോ മീറ്റർ വരെ പരിസ്ഥിതി സംവേദക മേഖലയായി തത്വത്തിൽ നിശ്ചയിച്ചുകൊണ്ട് കരട് വിജ്ഞാപന നിർദേശങ്ങൾ തയ്യാറാക്കുന്നതിന് 31.10.2019 തീയതിയിലെ ഉത്തരവ് പ്രകാരം സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. |
| (സി) വനമേഖലയിലും ഉരുൾപൊട്ടൽ മേഖലയിലും നടക്കുന്ന അനധികൃത പാറഖനനങ്ങൾ പരിസ്ഥിതിക്ക് ദോഷം ചെയ്യുമെന്ന കാര്യം ഗൗരവകരമായി എടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (സി) അനധികൃത പാറ ഖനനം അവസാനിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**